വിഷൻ & മിഷൻ - 2025

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

## ജി. ജെ. ബി. സ്കൂൾ പെരുവെമ്പ്

## PROFILE

| | | |
|---|---|---|
| NAME OF SCHOOL | : | G.J.B.SCHOOL PERUVEMBA |
| NAME OF DISTRICT | : | PALAKKAD |
| NAME OF SUB – DISTRICT | : | KUZHALMANNAM |
| NAME OF BLOCK | : | KOLLENGODE |
| NAME OF PANCHAYATH | : | PERUVEMBA |
| NAME OF BRC | : | CHITTUR |
| NAME OF CRC | : | G.J.B.SCHOOL PERUVEMBA |
| NAME OF HEAD MISTRESS | : | JUVAIRIYATH .K |
| PHONE NUMBER | : | 9562152676 |

# ആമുഖം

സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസം ഗുണമേന്മയുള്ളതാക്കി മാറ്റി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി വരികയാണ്. എഴുത്തിനും വായനയ്ക്കും പ്രാധാന്യം നൽകുക, കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിക്കുക, കായിക പഠനത്തിന് ഊന്നൽ നൽകുക, ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായ ഘട്ടത്തിനനുസൃതമായി കരിക്കുലം ഉയർന്ന തലത്തിലേക്ക് എത്തിക്കുക, ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക , ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക, ഫലപ്രദമായ മൂല്യ നിർണയ രീതികൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടും ക്ലാസ് പിടിഎ കളുടെ എണ്ണം വർധിപ്പിച്ചും കുട്ടിയുടെ പഠനനിലവാരം ഉയർത്താവുന്നതാണ്. വിദ്യാലയം കുട്ടിക്ക് മറ്റൊരു വീടായി രൂപാന്തരപ്പെടുത്താവുന്നതാണ് .ഇതിലൂടെ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാം. പഠനനിലവാരം ഉയർത്തുന്നതിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കാൻ കുട്ടികളുടെ പഠന പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന സ്കിറ്റുകൾ, കൊറിയോഗ്രാഫി ,മൂല്യ നാടകങ്ങൾ, മറ്റു പഠനാന്തര ഉൽപ്പന്നങ്ങൾ തുടങ്ങിയവ CPTA യിലോ രക്ഷാകർതൃ മീറ്റിംഗുകളിലോ ,പൊതു ഇടങ്ങളിലോ അവതരിപ്പിക്കുക, പുസ്തകങ്ങളെയും വായന സാമഗ്രികളെയും സ്നേഹിക്കുവാനും സംരക്ഷിക്കുവാനുമുള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കുക, കുട്ടികൾക്ക് മതിയായ പരിഗണനയും അംഗീകാരവും നൽകുക.

വീട്ടുലൈബ്രറി- കുട്ടികൾക്ക് അവരവരുടെ വീടുകളിൽ സ്വന്തമായി ലൈബ്രറി ഉണ്ടാക്കുവാനുള്ള പ്രേരണ നൽകുക, വായന ഒരു ലഹരിയായി മാറ്റുക എന്നീ കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം മെച്ചപ്പെടുത്താനാണ് വിഷൻ & മിഷൻ 2025 എന്ന ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**നേട്ടങ്ങൾ**

. ഉപജില്ല ശാസ്ത്രമേളയിൽ മൂന്നാം സ്ഥാനം.
. ഉപജില്ല കായികമേളയിൽ അഞ്ചാം സ്ഥാനം.
.പ്രവൃത്തിപരിചയമേളയിൽ A ഗ്രേഡ്.
. ഉപജില്ല വിദ്യാരംഗം സർഗോത്സവത്തിൽ ഒന്നാം സ്ഥാനം.
. പഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയം.
. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ മാതൃഭൂമി സീഡ് ഹരിത മുകുളം പുരസ്കാരം, മനോരമ നല്ല പാഠം A + വിദ്യാലയം.
. LSS ൽ മികച്ച വിജയം കൈവരിച്ചു.

# ജി.ജെ.ബി.സ്കൂൾ പെരുവെമ്പ്

**ചരിത്രം:**

ഈ സ്ഥാപനം പെരുവെമ്പ് പ്രദേശമായ ചുങ്കം ജംഗ്ഷനിലാണ് സ്ഥിതി ചെയ്യുന്നത്. 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ 4 അംഗനവാടികളിൽ നിന്നും, ബാപ്പുജി നേഴ്സറി സ്കൂളിൽ നിന്നും, പനംകുറ്റി, അപ്പളം, പുളിന്നീറാക്കോട്, തോട്ടുപാലം, മാവുക്കാട്, കുന്നക്കാട്, കല്ലഞ്ചിറ എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് പഠിക്കുന്നത്. ഈ വിദ്യാലയം കിഴക്കേ ഗ്രാമസമാജം വകയാണ്. 1915–ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഉയർന്ന ജാതിക്കാർക്ക് മാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളു. സ്വാതന്ത്ര്യലബ്ധിക്കുശേഷം മാത്രമാണ് താഴ്ന്ന ജാതിക്കാർക്ക് വിദ്യാലയത്തിൽ ചേർന്നുപഠിക്കാനുള്ള ഭാഗ്യം കൈവന്നത്.

മുമ്പ് ഗ്രാമസമാജം ഹയർ എലിമെന്ററി സ്കൂൾ എന്നായിരുന്നു പേര്. 1957 ൽ വിദ്യാഭ്യാസ ബിൽ നിയമം ആയപ്പോൾ ഇതിന്റെ മാനേജർ സ്കൂൾ അടച്ചുപൂട്ടി. അധ്യാപകരെ പിരിച്ചുവിട്ടു. നാട്ടുകാർ ശക്തമായി ഇടപെട്ടതിന്റെ ഫലമായി കുറച്ചുമാസങ്ങൾക്കു ശേഷം സ്കൂൾ ഗവൺമെന്റ് വാടകയ്ക്ക് ഏറ്റെടുത്തു. ഇതിൽ പ്രധാന പങ്കു വഹിച്ചത് പി. നൂർമുഹമ്മദ് അവർകളാണ്. 1959–ൽ വിദ്യാഭ്യാസ് വകുപ്പ് ഏറ്റെടുത്ത് ജി.ജെ.ബി.സ്കൂൾ എന്ന പേരിൽ നടത്തി വരുന്നു. ഈ വിദ്യാലയത്തിൽ നിന്നും പഠനം നടത്തിയ പലരും ഉന്നതസ്ഥാനങ്ങളിൽ എത്തിചേർന്നിട്ടുണ്ട്. പ്രൊഫസർ. പി.എസ് ശേഷയ്യർ, ഇംഗ്ലണ്ടിൽ വെച്ച് നടത്തപ്പെട്ട ഗണിത ശാസ്ത്ര സെമിനാറിൽ പങ്കെടുക്കുകയും, ബ്രിട്ടീഷ് ഗവൺമെന്റ് റാവു ബഹദൂർ എന്ന സ്ഥാനം നൽകി ആദരിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി ജഡ്ജി പി.കെ. ബാലസുബ്രഹ്മണ്യം, തൃശൂർ മെഡിക്കൽ കോളേജ് റിട്ട. പ്രൊഫസർ. പി.ജെ.മുരളീധരൻ, ജില്ലാ ജഡ്ജി ശക്തിധരൻ സിവിൽസപ്ലൈസ് എം.ഡി. ആർ. രവീന്ദ്രൻ, INA അപ്പു നായർ തുടങ്ങിയ ധാരാളം മഹത് വ്യക്തികൾ ഈ വിദ്യാലയത്തിൽ നിന്നും പഠനം നടത്തിയവരാണ്.

പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് ബ്ലോക്കിൽ കുഴൽമന്ദം സബ്ജില്ലയിൽപ്പെട്ട ഈ സ്ക്കൂളിൽ 8 ഡിവിഷനുകളിലായി 194 കുട്ടികളും 8 അധ്യാപകരും ഉണ്ട്. പ്രീ–പ്രൈമറിയിൽ 36 കുട്ടികളും 2 അധ്യാപകരും 1 ആയയും ഉണ്ട്. സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്ക നിലവാരത്തിൽ നിൽക്കുന്ന വീടുകളിലെ കുട്ടികളാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

## STRENGTH OF STUDENT FROM 2025- 2026

| CLASS | ENGLISH MEDIUM | MALAYALAM MEDIUM | TOTAL |
|---|---|---|---|
| STD 1 | 28 | 6 | 34 |
| STD 2 | 30 | 7 | 37 |
| STD 3 | 32 | 10 | 42 |
| STD 4 | 34 | 11 | 45 |
| PRE-PRIMARY | LKG - 20 | UKG - 15 | 35 |
| | | | 193 |

## DETAILS OF EMBLOYEES 2025 – 2026

| | |
|---|---|
| HEADMISTRESS | 1 |
| NUMBER OF TEACHERS | 7 |
| PTCM | 1 |
| PRE – PRIMARY TEACHER | 1 |
| AYYA | 1 |
| COOK | 1 |

# സ്കൂളിലെ  നിലവിലെ അവസ്ഥ

| | | |
|---|---|---|
| ക്ലാസ് മുറികൾ | : | 10 |
| ഓഫീസ് റൂം | : | 1 |
| സ്റ്റാഫ് റൂം | : | 1 |
| പെൺകുട്ടികളുടെ ടോയ്‌ലെറ്റ് | : | 2 |
| മൂത്രപ്പുര | : | 1 |
| ആൺകുട്ടികളുടെ ടോയ്‌ലെറ്റ് | : | 2 |
| മൂത്രപ്പുര | : | 1 |
| സ്റ്റാഫ് ടോയ്‌ലെറ്റ് | : | 1 |
| കുടിവെള്ള സൗകര്യം | : | കിണർ. ടാപ്പ് ,വാട്ടർപ്യൂരിഫയർ |
| കളിസ്ഥലം | : | പ്രത്യേക ഗ്രൗണ്ടുകൾ |
| ചുറ്റുമതിൽ | : | സ്ലാബ് മതിൽ |

## അവസ്ഥാ വിശകലനം

_ഈ സ്കൂൾ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്കൂളിൻറെ അവസ്ഥ ശോചനീയമാണ്. ചുറ്റുമതിൽ ഉണ്ടായിട്ടും സാമൂഹ്യവിരുദ്ധരുടെ സ്ഥിരം വിഹാര കേന്ദ്രമായി വരുന്നു. ഇത് സ്കൂളിൻറെ പ്രവർത്തനങ്ങളെ വളരെയധികം ബാധിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ ഉണ്ടെങ്കിലും നല്ലൊരു ലൈബ്രറിയുടെ അഭാവം, കമ്പ്യൂട്ടർ ക്ലാസുകൾക്ക് വേണ്ട സൗകര്യമുള്ള ഐടി ലാബിന്റെ അഭാവം, തുടങ്ങിയവ ഫലപ്രദമായ രീതിയിൽ നടത്തുവാൻ സാധിക്കുന്നില്ല. എല്ലാ ക്ലാസ് മുറികളിലും കുട്ടികൾക്ക് ആവശ്യമായ ബെഞ്ച് ഡെസ്ക് എന്നീ സൗകര്യങ്ങൾ ലഭ്യമാണ് എല്ലാ ക്ലാസിലും ആവശ്യത്തിന് ലൈറ്റ് ഫാൻ എന്നിവയുമുണ്ട് .സ്കൂൾ സുരക്ഷയ്ക്കായി സ്കൂൾ വാൻ സിസിടിവി സംവിധാനം എന്നിവയുമുണ്ട്.

## അക്കാദമികം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 250 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ വകവയ്ക്കാതെ ഇവിടത്തെ കുട്ടികൾ പഠന പ്രവർത്തനങ്ങളിലും കലാകായിക മേഖലകളിലും മികവാർന്ന പ്രകടനങ്ങൾ കാഴ്ചവെക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയവും പ്രവർത്തിക്കുന്നുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിൽ എത്തിക്കാൻ അധ്യാപകർ പല പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## സാമൂഹിക പങ്കാളിത്തം

സാമൂഹിക പങ്കാളിത്തം നല്ല രീതിയിൽ ലഭ്യമാക്കുന്ന ഒരു വിദ്യാലയമാണിത്. പിടിഎ, എസ്എംസി, എസ് എസ് ജി, ഒ എസ് എ, ഒ ടി എ, എസ് പി ജി, എസ് ജി എന്നീ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഈ സ്കൂളിൻറെ വികസനത്തിൽ എടുത്തു പറയേണ്ടതാണ്. സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ  പെരുവെമ്പയിലെ ജനങ്ങൾ കഠിന ശ്രമം നടത്തുന്നുണ്ട്. മൈക്ക് സെറ്റ്, സ്റ്റേജ്, കുട്ടികളുടെ പാർക്ക്, സിസിടിവി ഇൻസ്റ്റലേഷൻ, തുടങ്ങിയ പല അത്യാവശ്യ കാര്യങ്ങളും സമൂഹത്തിലെ വ്യക്തികളോ സംഘടനകളോ സ്കൂളിലെ സമർപ്പിച്ചതാണ്. ഇംഗ്ലീഷ് മീഡിയത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു സമൂഹമാണ് ഇവിടെ നിലനിൽക്കുന്നത്.

## SWOT ANALYSIS

Strength : മികച്ച മേൽനോട്ടം, മികച്ച പിടിഎ ,സംഘടന മികവ്, എസ് എം സി,എം പി ടി എ, ഒ എസ് എ, എസ് എസ് ജി, സ്കൂൾബസ്, സിസിടിവി, ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന അധ്യാപകർ.

Weakness : നല്ല ക്ലാസ് മുറികളുടെ അഭാവം, സ്വന്തമായി കെട്ടിടമില്ലായ്മ.

Oppertunity : ഗവൺമെൻറ് അംഗീകാരമുള്ള ഇംഗ്ലീഷ് മീഡിയം, സജീവമായ എസ് എസ് ജി, മികച്ച പരിശീലനം നേടിയ അധ്യാപകർ, പെരുമ്പിന്റെ ഹൃദയഭാഗത്തുള്ള സ്കൂളിൻറെ സ്ഥാനം .

Threat : പൊളിഞ്ഞു വീഴാറായ കെട്ടിടം, ചുറ്റുമതിൽ ഇല്ലാത്തത്, ഓടിട്ട മേൽക്കൂര, ചിതലരിച്ച ജനലുകൾ വാതിലുകൾ.

### വിദ്യാലയ വികസന കാഴ്ചപ്പാട്

പെരുവെമ്പിന്റെ ഹൃദയഭാഗത്തുള്ള ഈ സ്കൂളിന് സ്വന്തമായി ഒരു കെട്ടിടം ലഭ്യമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ സ്കൂൾ അധികൃതരും സാമൂഹ്യപ്രവർത്തകരും കഠിനപ്രയത്നം നടത്തുന്നുണ്ട്. കെട്ടിടം ലഭ്യമായാൽ/സ്ഥലം ലഭ്യമായാൽ മറ്റു സൗകര്യങ്ങൾ ചെയ്തു തരാൻ ധാരാളം പേർ സന്നദ്ധരായിട്ടുണ്ട്.

സ്കൂൾ വാൻ ഉള്ളത് കുട്ടികളുടെ യാത്ര സുരക്ഷിതവും സുഗമവും ആക്കുന്നുണ്ട്. പഠന പ്രവർത്തനങ്ങൾ അല്പം കൂടി മെച്ചപ്പെടുത്താൻ അടച്ചുറപ്പുള്ള ഹൈടെക് ക്ലാസ് മുറികൾ , മൾട്ടി ടാലൻറ് ലാബുകൾ അത്യാവശ്യമാണ്. ചാർട്ടുകളും മറ്റു വാൾ മാഗസിനുകളും ചുവരിൽ പ്രദർശിപ്പിക്കാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നല്ല ക്ലാസ് മുറികൾ ആവശ്യമാണ്. അഞ്ച് കമ്പ്യൂട്ടറുകൾ ഉണ്ട്, ഇതിൽ പലതും പ്രവർത്തന തകരാർ മൂലം തടസ്സപ്പെടാറുണ്ട് ,കൂടാതെ മതിയായ സൗകര്യമുള്ള ഐടി ലാബിന്റെ അഭാവം ഉണ്ട്.

# വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

| പ്രവർത്തനം /പ്രവർത്തനം രീതി | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ്സ് | മോണിറ്ററിംഗ് |
| --- | --- | --- | --- | --- |
| സ്വന്തമായി സ്ഥലം, കെട്ടിടം, ക്ലാസ് മുറി, അനുബന്ധസൗകര്യങ്ങൾ. | മെയ് അവസാനം | പഞ്ചായത്ത്, എസ് .എം .സി, എസ്. എസ്. ജി, എച്ച് .എം, അധ്യാപകർ | 20000000 പഞ്ചായത്ത്, എം.എൽ.എ, എം.പി ഫണ്ട്, ജനപ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ. | എസ്.എസ്.ജി എച്ച് .എം |
| വാർഷിക കലണ്ടർ, പ്രതിമാസ കലണ്ടർ തയ്യാറാക്കൽ . | | എച്ച് .എം, അധ്യാപകർ. | | എച്ച് .എം |
| എസ്. ആർ.ജി. പാഠഭാഗങ്ങൾ അവലോകനം ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | എല്ലാ വെള്ളിയാഴ്ച്ച കളിലും | എച്ച് .എം, അധ്യാപകർ. | | എച്ച് .എം, അധ്യാപകർ . |
| ഫീൽഡ് ട്രിപ്പ് (പാഠഭാഗങ്ങൾക്കനുസ രിച്ച്) | ജൂൺ- മാർച്ച് | എച്ച് .എം, ഭാരവാഹികൾ, അധ്യാപകർ . | | അധ്യാപകർ, പി.ടി.എ, എച്ച്. എം, |
| ദിനാചരണങ്ങൾ ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കൽ. . | ജൂൺ- മാർച്ച് (എല്ലാ മാസവും) | വിവിധ ക്ലബ്ബുകൾ, അധ്യാപകർ. | | അധ്യാപകർ, പി.ടി.എ, എച്ച്. എം, |

## വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

| പ്രവർത്തനം/ പ്രവർത്തനം രീതി | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ് | മോണിറ്ററിംഗ് |
|---|---|---|---|---|
| പഠനപിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു | ജൂൺ - മാർച്ച് | അദ്ധ്യാപകർ | പഞ്ചായത്ത് | എച്ച്.എം. |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഓരോ ക്ലാസ്സിലേയും 5 കുട്ടികളെ വീതം അധ്യാപകർ ദത്തെടുക്കൽ. അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ | ജൂൺ - മാർച്ച് | അദ്ധ്യാപകർ | പഞ്ചായത്ത് | എച്ച്.എം |
| പി ടി എ ജനറൽ ബോഡിയോഗം | ജൂൺ -ജനുവരി | എച്ച്.എം, അദ്ധ്യാപകർ പി ടി എ | - | എച്ച്.എം |
| സി.പി.ടി.എ രക്ഷാകർത്തൃ ബോധവത്കരണം ക്ലാസ്സുകൾ | മാസത്തിൽ ഒരിക്കൽ (monthly once) | അദ്ധ്യാപകർ എച്ച്.എം | - | പി ടി എ അദ്ധ്യാപകർ |
| ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കൽ (ഫർണീച്ചർ, റാക്ക്, സ്റ്റാന്റ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കൽ) | 2 വർഷത്തിനുള്ളിൽ | എച്ച്.എം, അദ്ധ്യാപകർ | പഞ്ചായത്ത് എസ്.എസ്.എ | എച്ച്.എം |



RNI Regn No: KERMAL / 2018/ 76567 Vol. 06 No.39 Printed and Published

# വിദ്യാലയ വികസന കാഴ്ച്ചപ്പാട് രേഖ

| പ്രവർത്തനം/ പ്രവർത്തന രീതി | കാലയളവ് | ചുമതല | ധനകാര്യം /സ്രോതസ്സ് | മോണിറ്ററിംഗ് |
|---|---|---|---|---|
| വിദ്യാലയം മോഡിഫിക്കേഷൻ വിദ്യാലയം ആകർഷകമാക്കൽ (പൂന്തോട്ട നിർമ്മാണം, മരം വെച്ച് പിടിപ്പിക്കൽ, പച്ചക്കറിത്തോട്ട നിർമ്മാണം, ചുമരുകൾ ആകർഷകമാക്കൽ) ഔഷധസസ്യത്തോട്ടം ശലഭോദ്യാനം ജൈവവൈവിധ്യ പാർക്ക് | 2 കൊല്ലം | എച്ച് എം അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ പിടിഎ ,എസ് എം സി | പഞ്ചായത്ത് ,എസ് എസ് എ ,പൂർവ്വ വിദ്യാർത്ഥികൾ ,എസ്എം സി | എച്ച് എം ,പി ടി എ , അധ്യാപകർ |
| മൾട്ടി മീഡിയ ക്ലാസ് റൂം ഒരുക്കൽ ,ഡിജിറ്റലൈസ്ഡ് ക്ലാസ് റൂം | 2 വർഷത്തിനുള്ളിൽ | എച്ച് എം, അധ്യാപകർ | പഞ്ചായത്ത് എംഎൽഎ ഫണ്ട് , എംപി ഫണ്ട് | എച്ച് എം |
| പത്രം ബാലപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | പഞ്ചായത്ത് /സന്നദ്ധ സംഘടനകൾ | എച്ച് എം , അദ്ധ്യാപകർ ,ക്ലാസ് ലീഡർ |
| മാലിന്യമുക്ത ഹരിത വിദ്യാലയം<br>ലഹരി വിമുക്ത വിദ്യാലയം . | വർഷം മുഴുവൻ<br>ജൂൺ -മാർച്ച് . | അധ്യാപകർ ,എച്ച് എം, പി ടി എ , എസ് .എം .സി ,ഒ.എസ്. എ . | | പിടിഎ<br>എസ്.എം.സി,ഒ.എസ് ,എ. |

# വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതിയെ അറിയുക, പ്രകൃതി സ്നേഹം വളർത്തുക, പാഠ്യപദ്ധതിയുമായി ബന്ധപ്പെടുക. | വിദ്യാവനം, ജൈവ വൈവിധ്യ പാർക്ക് ഉണ്ടാക്കൽ, മഴയ്ക്കൊരു മരം, നാട്ടുമാഞ്ചോട്ടിൽ, പൂന്തോട്ട നിർമ്മാണം, കാർഷിക പ്രവർത്തനങ്ങൾ. | 3 വർഷം | പി ടി എ, അധ്യാപകർ, SMC,OSA | എസ്.എസ്.എ, പി ടി എ , പഞ്ചായത്ത് |
| കുട്ടികളിൽ അന്തർലീനമായ കഴിവുകൾ പരിപോഷിപ്പിക്കുക (Talent lab). | സംഗീതം, നൃത്തം, വിവിധ സർഗ ശില്പശാലകൾ,ക്രാഫ്റ്റ് തുടങ്ങിയ മേഖലകളിൽ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | എച്ച് .എം, അധ്യാപകർ | പഞ്ചായത്ത് |
| കായിക പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുക ശാരീരിക മാനസികാരോഗ്യ സംരക്ഷണം . | കായിക അധ്യാപകന്റെ സഹായത്തോടെ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകൽ<br>ടെന്നിക്കോയ് പരിശീലനം, യോഗ/കരാട്ടെ, സൈക്ലിംഗ്, നീന്തൽ പരിശീലനം<br>കൗൺസിലിംഗ്<br>വിവിധ ആരോഗ്യ ക്യാമ്പുകൾ | ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച് | കായിക അധ്യാപകർ<br>എച്ച് .എം, കായിക അധ്യാപകർ, PTA,SMC,OSA | പഞ്ചായത്ത്<br>പഞ്ചായത്ത് |

മേഖല അക്കാദമികം                                                    മലയാളം ഭാഷ 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | വർഷാരംഭത്തിൽ തന്നെ പ്രി ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുക<br>താഴെക്കിടയിലുള്ള കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പ്രത്യേക പ്രവർത്തനങ്ങൾ നൽകുക, വീഡിയോ ക്ലിപ്പുകൾ, കഥകൾ, വായനാകുറിപ്പുകൾ, ബാലമാസിക എന്നിവ പ്രയോജനപ്പെടുത്തുക<br>ഓരോ മാസവും മൂല്യ നിർണയം നടത്തി നിലവാരം പരിശോധിക്കുക.<br>ക്ലാസ് റൂം ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക. (കുട്ടികൾക്കനുയോജ്യമായ രീതിയിൽ ചിത്രങ്ങൾ, വായിക്കാനുള്ള പുസ്തകങ്ങൾ) | ജൂൺ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | ക്ലാസ് അദ്ധ്യാപകർ<br>അദ്ധ്യാപകർ രക്ഷിതാക്കൾ<br>അദ്ധ്യാപകർ | പി ടി എ<br>പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| കുട്ടികളുടെ വായനാ ക്കൂട്ടങ്ങൾ ഉൾപ്പെടുത്തണം | <u>എഴുതാനും വായിക്കാനും അറിയുന്നവർക്കായി</u><br>ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (വിവരണം, ഡയറി, കവിത)<br>ഓരോ മാസവും അവസാന feedback നടത്തുക<br>ക്ലാസ് P T A കൂടി അവതരിപ്പിക്കുന്ന മെച്ചപ്പെട്ടവ കണ്ടെത്തി എല്ലാവർക്കും വായിക്കുന്നതിനും കേൾക്കുന്നതിനുമുള്ള അവസരം നൽകുന്നു. ഈ ശേഷികൾ ഉറപ്പിക്കാനായി ലൈബ്രറി പുസ്തകങ്ങൾ, വീഡിയോ, ഓഡിയോ, ഓഡിയോ ക്ലിപ്പുകൾ കണ്ടെത്തി നൽകുന്നു.<br>'പിറന്നാളിനൊരു പുസ്തകം പദ്ധതി'.<br>ഉയർന്നശേഷിയുള്ള കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾകൊണ്ട് വായനാകുറിപ്പുകൾ, ആസ്വാദനകകുറിപ്പ് വർണന നാടകീകരണം എന്നിവ തയ്യാറാക്കാനുള്ള അവസരം നൽകുന്നു. ക്ലാസിലെ മറ്റു കുട്ടികളെ പഠനരീതിയിൽ സഹായിക്കാൻ ഈ കുട്ടികളെ പ്രയോജനപ്പെടുത്തുന്നു.<br>പുസ്തകങ്ങൾ വായനാസാമഗ്രികളെയും സ്നേഹിക്കാനും സംരക്ഷിക്കാനും ഉള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കുക. അവരവരുടെ വീടുകളിൽ സ്വന്തമായി ലൈബ്രറി ഉണ്ടാക്കാനുള്ള പ്രേരണ നൽകുക.<br>അവർക്ക് 'മലയാളത്തിളക്കം' ശ്രദ്ധ തുടർന്നു വരുന്നു<br>ബാലസഭ (രണ്ടാഴ്ച്ചയിലൊരിക്കൽ) കുട്ടികളുടെ സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനുള്ള അവസരം. ഇതിൽ നിന്നും സവിശേഷ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ ഉയർത്തികൊണ്ടുവരൽ, അവർക്ക് പ്രത്യേക പരിശീലനം | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>2 വർഷം | | അദ്ധ്യാപകർ<br>അദ്ധ്യാപകർ<br>അദ്ധ്യാപകർ<br>അദ്ധ്യാപകർ രക്ഷിതാക്കൾ<br>അദ്ധ്യാപകർ<br>പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥികൾ |

പരിസരപഠനം

മലയാളം ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടിനെ മനസ്സിലാക്കുക പ്രകൃതിയെ സ്നേഹിക്കുക | മരം വച്ച് പിടിപ്പിക്കൽ, വിദ്യാവനം, മഴയ്ക്ക് ഒരു മരം, പിറന്നാൾ പ്ലാവ്, ശലഭോദ്യാനം, സസ്യങ്ങൾ അവയുടെ സംരക്ഷണം.ഓഡിയോ വീഡിയോ പ്രദർശനം | ജൂൺ<br><br>മാർച്ച് | ക്ലാസ്<br>ടീച്ചർ<br>വിവിധ ക്ലബ്ബുകൾ | പഞ്ചായത്ത് പിടിഎ |
| കൃഷി തൊഴിൽ ആഭിമുഖ്യം വളർത്തൽ<br><br>വിദ്യാർത്ഥികളെ പരീക്ഷണങ്ങളിൽ ഏർപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് പാടം (കുളം കൃഷിത്തോട്ടം പോസ്റ്റ് ഓഫീസ് റെയിൽവേ സ്റ്റേഷൻ നെയ്ത്തുശാല മദ്ദള നിർമ്മാണം ചരിത്ര സ്മാരക സന്ദർശനം എന്നിവ)<br><br>അഭിമുഖം (കർഷകർ ഡോക്ടർ.......)<br><br>സ്കൂളിൽ ഒരു പച്ചക്കറി തോട്ടം<br>ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കൽ പരിപാലനം | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച് എം<br><br>,കുട്ടികൾ, അധ്യാപകർ<br>,പിടിഎ | പഞ്ചായത്ത് പിടിഎ<br><br>പിടിഎ |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തൽ | സ്കൂളിൽ ഒരു ലാബ് | | ക്ലാസ് അധ്യാപകർ | അധ്യാപകർ |
| | എക്സ്പിരിമെന്റ് ഡേ (മാസത്തിലൊരിക്കൽ) | ജൂൺ-മാർച്ച് | | അധ്യാപകർ |
| | ദിനാചരണ പതിപ്പ് | ജൂൺ -മാർച്ച് | | അധ്യാപകർ |
| മാലിന്യ മുക്ത വിദ്യാലയം | എല്ലാ തിങ്കളാഴ്ചയും വ്യക്തി ശുചിത്വ പരിശോധന | ജൂൺ -മാർച്ച് | | അധ്യാപകർ |
| | എല്ലാ വെള്ളിയാഴ്ചയും ഡ്രൈ ഡേ ആചരിക്കൽ | ജൂൺ -മാർച്ച് | | |
| | രക്ഷിതാക്കൾക്കും അമ്മമാർക്കും ഉള്ള ബോധവൽക്കരണ ക്ലാസ് | വർഷത്തിൽ മൂന്ന് പ്രാവശ്യം | എച്ച് എം,അധ്യാപകർ | |
| | ഭവന സന്ദർശനം ,case study തയ്യാറാക്കലും പ്ലാസ്റ്റിക് നിരോധനം പൂർണമായി നടപ്പിലാക്കൽ ,വിത്ത് പെൻസിൽ, പിറന്നാൾ പുസ്തകം, വീടിനൊരു തുണിസഞ്ചി, ലൗ പ്ലാസ്റ്റിക്; പ്ലാസ്റ്റിക് നിരോധനം പൂർണമായി നടപ്പിലാക്കൽ, ഭവന സന്ദർശനവും കേസ് സ്റ്റഡി തയ്യാറാക്കലും | ജൂൺ -മാർച്ച് | അധ്യാപകർ വിവിധ ക്ലബ്ബുകൾ | പിടിഎ |
| ഡിജിറ്റൽ വിദ്യാഭ്യാസം | ഷോർട്ട് ഫിലിം, റീൽസ് ,ആൽബം നിർമ്മാണം, ചാറ്റ് ജി പി ടി ഉപയോഗിച്ചുള്ള അനിമേഷൻ ,ക്ലാസ് റൂം രസകരമാക്കൽ. | ജൂൺ -മാർച്ച് | അധ്യാപകർ പ്രൊഫഷണൽ | അധ്യാപകർ ,പിടിഎ, എസ് എം സി |

RNI Regn No: KERMAL / 2018/ 76567 ... Phone 0491-2500210, 2500010, Email: palakkad@deshabhimani.com, website: www.deshabhiman

## ENLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To enables the student read write and communicate fluently and with confidence | Conduct pre-test at the beginning of the academic year divide the student in to three groups | June | Teachers | P T A |
| | Let them maximum opportunity for L S R W with the help of video clips cards language games, puzzles, rhymes etc. | | | |
| | **<u>FOR SLOW LEARNES</u>**<br>Prepares special modules to attain the basic skills of picture cards, colourful books, simple stories, picture cards, words cards and audio video clips. | June-March | Teachers | |
| | Let them maximum opportunities to listen | June-March | Teachers | |
| | To prepare them | | | P T A |
| | Evaluate in a week | | | |
| | **<u>AVERAGE STUDENTS</u>**<br>Prepare posters related to important days writes descriptions and conversation about various things that they see in day to day life based on pictures and video clips | June-March | Teachers | |
| | **<u>TOP LEARNES</u>**<br>Dairy writing, using library books, makes word web, picture, the story or rhyme, prepare dictionary | June-March | Teachers | |
| | A part there activities shows audio video clips CD'S short film and short stories every Friday | June-March | Teachers | |
| | English assembly on every Wednesday | June-March | Teachers<br>H M | |
| | Compulsory English day ones in a week | June-March | H M<br>SRG<br>convener | |
| | Conduct English fest last week of every month | June-March | Teachers | |
| | Arrange communicative English class<br>My English World | | June-March | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നൈംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് വളർത്തുക | പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു.<br><br>S R G ചർച്ചചെയ്ത് പ്രവർത്തന മേഖലകൾ നിശ്ചയിച്ച് പരിഹാരം ആസൂത്രണം ചെയ്തു നടപ്പാക്കുകയും പ്രവർത്തന പുരോഗതി C P T Aയിലും S R Gയയിലും പങ്കുവെയ്ക്കുകുയും ചെയ്യുന്നു. | ജൂൺ-മാർച്ച് | അദ്ധ്യാപകർ<br>S R G<br>C P T A | |
| | നിർദ്ദിഷ്ട സമയത്ത് അദ്ധ്യാപകരുടെ മേൽനോട്ടത്തിൻ നിലവാരം അനുസരിച്ച് പ്രത്യേകം പഠനാനുഭങ്ങൾ ഒരുക്കുക.<br><br>പാഠ ഭാഗവുമായി ബന്ധപ്പെട്ട് പസിലുകൾ, കുസൃതി കണക്ക്, ഗണിത കളികൾ എന്നിവ നൽകുക.<br><br>ഗണിത കഥകൾ, ഗണിത കവിതകൾ, ഗണിത മൂല എന്നിവ ഗണിത പഠനത്തിൽ ഉൾപ്പെടുത്തുക. | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ | |
| ഗണിതത്തിൽ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുന്നതിനും കൃത്യതയോടും സൂക്ഷ്മതയോടും കര്യങ്ങൾ ചെയ്യുക | പഠന സാമാഗ്രികൾ തയ്യാറാക്കൽ.<br><br>വിവര സാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കുക.<br><br>വ്യത്യസ്ത അളവുകൾ പടിചയപ്പെടുത്തുക.<br>ഭാരം, നീളം, വീതി, ഉള്ളളവ് എന്നിവ ഊഹിക്കുന്നതിനും യഥാർത്ഥ അളവ് കണ്ടെത്തുന്നതിനും ഉള്ള ധാരാളം അവസരങ്ങൾ ഒരുക്കുക.<br><br>ഗണിതം ശിൽപശാല സംഘടിപ്പിക്കുക | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ | |
| എല്ലാവർക്കും മനക്കണക്കു ചെയ്യാനുള്ള ശേഷി ഉണ്ടാക്കുക | ഗണിത ക്ലാസിൽ മനക്കണക്കു ചെയ്യാനുള്ള ധാരാളം അവസരങ്ങൾ നൽകുക. | ജൂൺ-മാർച്ച് | അദ്ധ്യാപകർ | |
| ഗണിത പ്രതിഭകളെ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക | ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പസിലുകൾക്കുത്തരം കണ്ടെത്തുക, ഗണിത ക്വിസ്നടത്തുക, ഗണിത ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കുക. | ജൂൺ-മാർച്ച് | അദ്ധ്യാപകർ | |

## കല - കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ കായിക ക്ഷമതയുള്ളവരും അവരുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക. | കായിക അധ്യാപകരെ ഉൾപ്പെടുത്തി വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് പരിശീലനം നൽകുക | ജൂൺ - മാർച്ച് | അദ്ധ്യാപകർ | പി ടി എ പഞ്ചായത്ത് |
| | നൃത്തം, പാട്ട്, ഉപകരണ സംഗീതം പഞ്ചായത്ത് തലത്തിൽ പഠന ക്ലാസ് സംഘടിപ്പിക്കുക. കഥ, കവിത, ചിത്രം വര,അഭിനയം ശില്പശാലകൾ. | ജൂൺ - മാർച്ച് | പഞ്ചായത്ത് പി ടി എ | പഞ്ചായത്ത് |
| | യോഗ,തൈക്കൊണ്ട, കരാട്ടെ ക്ലാസ് ആഴ്ചയിൽ ഒരു ദിവസം | ജൂൺ - മാർച്ച് | പഞ്ചായത്ത് പി ടി എ | പഞ്ചായത്ത് |
| | നീന്തൽ പരിശീലനം | ജൂൺ - മാർച്ച് | പഞ്ചായത്ത് പി ടി എ | പഞ്ചായത്ത് |

## വിഷൻ & മിഷൻ 2025

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് **വിഷൻ - മിഷൻ 2025** എന്ന ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഞങ്ങളുടെ പരിമിതികൾ മറികടന്നാൽ, കൃത്യമായ ചുമതലകൾ നിറവേറിയാൽ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാൻ ഈ വിദ്യാലയം സാക്ഷിയാകും, തീർച്ച. ആത്മാർത്ഥമായ ഒരു സമർപ്പണം ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന സന്തോഷത്തോടെ അടുത്ത അധ്യായന വർഷത്തെ വരവേൽക്കുന്നു.